# വിശ്വാസികൾക്ക് ഒരു താക്കീത്

*ചന്ദ്രമാസ കലണ്ടർ അവഗണന വർദ്ധിച്ച സത്യനിഷേധം*

*ആകാശവും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ(പ്രപഞ്ച വ്യവസ്ഥയിൽ, ഒരു വർഷം എന്നാൽ ) 12 മാസങ്ങളാകുന്നു. അതിൽ 4 മാസം പവിത്രങ്ങളാകുന്നു. ഇതിൽ(അല്ലാഹുവിന്റെ കലണ്ടർ വ്യവസ്ഥയിൽ( ഭേദഗതി വരുത്തുന്നത് കുഫ്റിലുള്ള വർദ്ധനവാകുന്നു(വി.ഖു: 9:36, 37).*

*12 മാസങ്ങളിൽ പവിത്രമായ നാലെണ്ണം ദുൽഖഅദ, ദുൽഹിജ്ജ, മുഹറം എന്നിവയും ജമാദുൽ ആഖിറിന്നും ശഅ്ബാനിന്നും ഇടയിലുള്ള റജബും ആണെന്ന് റസൂൽ(സ)വിശദീകരിച്ചു. ബാക്കിയുള്ള 6 മാസങ്ങൾ നബി(സ)ജനിച്ച റ.അവ്വൽ തുടർന്നുവരുന്ന ആഖിർ 9–ാം മാസമായ റമദാൻ തുടർന്നുവരുന്ന ശവ്വാൽ തുടങ്ങിയവ മറ്റു സന്ദർഭങ്ങളിലും പറഞ്ഞുകൊടുത്തുകൊണ്ട് ഇസ്‌ലാമിലെ കലണ്ടറിനെ സംബന്ധിച്ച് ഹജ്ജത്തുൽ വിദായിലെ പ്രസംഗത്തിൽ നബി(സ)ലോകത്ത് വിളംബരം ചെയ്തു. ഒരു മാസത്തിൽ 29 അല്ലെങ്കിൽ 30 ദിവസങ്ങളാണെന്നും പഠിപ്പിച്ചു.*

*തിയതികൾക്ക് അടിസ്ഥാനം ചന്ദ്രക്കലകളാണെന്ന് വി.ഖു 2:189 ൽ പറയുന്നു. നബി(സ)പറഞ്ഞു: ചന്ദ്രക്കലകളെ തിയതികളായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. അതിന്റെ ദൃശ്യതയുടെ അടിസ്ഥാനത്തിൽ തിയതികൾ കണക്കാക്കി നോമ്പ് തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക. തിയ്യതികൾ നിശ്ചയിക്കുമ്പോൾ(ചന്ദ്രക്കലകളുടെ വീടുകൾ) അവയുടെ മുൻഗണനാക്രമം പാലിക്കണമെന്നും ഖുർആൻ മേൽവചനത്തിൽ പറഞ്ഞു: ചന്ദ്രക്കലകളുടെ വീടുകളെക്കുറിച്ച് യാസീൻ 39–ാം വചനത്തിൽ വ്യക്തമായി. ചന്ദ്രന് മനാസിൽ നിശ്ചയിച്ചിരിക്കുന്നു. ഉർജൂനുൽ ഖദീം ആയിത്തിരുന്നതുവരെയുള്ളത്. യൂനുസ് 5–ാം വചനത്തിൽ മനാസിൽ നിശ്ചയിച്ചിട്ടുള്ളത് ചന്ദ്രന്റെ പ്രായം എണ്ണുന്നതിന്നും കാലം കണക്കുകൂട്ടുന്നതിന്നുമാണെന്ന് വിശദീകരിച്ചിരിക്കുന്നു.*

*മേൽപറഞ്ഞ തരത്തിൽ വി.ഖുർആൻ സംശയലേശമന്യേ വ്യക്തമാക്കിയ ഇസ്‌ലാമിലെ കലണ്ടർ ആത്മീയ ഭൗതികവുമായ എല്ലാ കാര്യങ്ങൾക്കും മാനദണ്ഡമാക്കൽ മുസ്‌ലിമിന്റെ ബാധ്യതയാണ്. മേൽപറഞ്ഞ ബാധ്യത നിഷേധിക്കുകയോ ചാന്ദ്രിക കലണ്ടറിന്നു പകരം കലണ്ടർ നിശ്ചയിക്കുകയോ ചാന്ദ്രിക കലണ്ടറിൽ കൃത്രിമത്വം വരുത്തുകയോ ചെയ്യുന്നവൻ തീർച്ചയായും വർദ്ധിച്ച സത്യനിഷേധം(കുഫ്റ്) തന്നെയാണ്.*

*ഇന്ന് മുസ്‌ലിംകൾ കൊണ്ടുനടക്കുന്നത് പിശാചിന്റെ കലണ്ടർ ആണെന്നത് വ്യക്തമാണ്. ഹിലാൽ കണ്ണ്കൊണ്ട് കാണുന്നതിന്ന് ശേഷം മാസം തുടങ്ങിയാൽ കലണ്ടർ അസാധ്യമായിത്തീരും. കലണ്ടർ ഇല്ലാതെ ഇസ്‌ലാം മതം പൂർത്തിയാവുകയില്ല.*

*കലണ്ടറിലെ അടിസ്ഥാന യൂണിറ്റായ ഒരു ദിവസത്തിൽ 5 നേരം നമസ്കരിക്കണം. അതിനാൽ ദിവസം നിർവ്വചിക്കുകയും സമയം നിർണയിക്കുകയും വേണം. 7 ദിവസം ചേർന്ന ഒരാഴ്ചയിൽ ഒരു ദിവസം ജുമുഅ നിർബന്ധം. ലോകം മുഴുവൻ ഏകീകരിച്ച് 24 മണിക്കൂർ കൊണ്ട് ജുമുഅ നമസ്കരിച്ചുവരുന്നുമുണ്ട്. നാലാഴ്ചകൾ ചേർന്ന് ഒരു മാസം ഉണ്ടാകുന്നു. ഒരു മാസം മുഴുവൻ മുസ്‌ലിംകൾ വ്രതം അനുഷ്ഠിക്കേണ്ടതുണ്ട്. അത് 9–ാം മാസമായ റമദാൻ. വർഷത്തിൽ ഒരിക്കൽ മാത്രം ദുൽഹിജ്ജ മാസത്തിൽ ഹജ്ജും ബലിയും നൽകേണ്ടതുണ്ട്. ഒരു വർഷത്തെ വരുമാനം കണക്കാക്കി സക്കാത്ത് നൽകേണ്ടതുണ്ട്. വർഷം എന്നാൽ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ളതാണോ? എങ്കിൽ 35 വർഷം കഴിയുമ്പോൾ ഒരു വർഷത്തെ വരുമാനത്തിന്റെ സക്കാത്ത് നൽകാൻ സാധിക്കില്ല. സക്കാത്ത് നൽകാതെ മരിക്കാൻ ഇഷ്ടപ്പെടാത്തവർ ചന്ദ്രമാസ കലണ്ടർ അടിസ്ഥാനത്തിൽ സക്കാത്ത് നൽകുന്നു. അനന്തരാവകാശ നിയമങ്ങൾ നടപ്പിലാക്കാൻ കലണ്ടർ വേണം. ഇദ്ദകാലം നിശ്ചയിക്കാൻ, പ്രായപൂർത്തി കണക്കാക്കാൻ എല്ലാം കലണ്ടർ അനിവാര്യമാണ്.*

*ഇങ്ങനെ ഹജ്ജത്തുൽ വിദായിൽ പൂർത്തിയായതായി പ്രഖ്യാപിച്ച ഇസ്‌ലാമിൽ നിർബന്ധമായ കലണ്ടർ ഇന്ന് മുസ്‌ലിംകൾക്ക് പ്രാബല്യത്തിലുണ്ടോ? മുസ്‌ലിം സംഘടനകൾ പ്രസിദ്ധീകരിക്കുന്ന തിയ്യതിക്ക് ഐക്യരൂപമുണ്ടോ? കലണ്ടറിൽ രേഖപ്പെടുത്തുന്ന തിയതികൾ ജീവിതത്തിൽ പാലിക്കപ്പെടുന്നുണ്ടോ? പുതുമാസചന്ദ്രൻ പിറന്ന് ആകാശത്തിലുണ്ടെന്ന് കലണ്ടറിൽ രേഖപ്പെടുത്തിയിട്ടും അതനുസരിച്ച് ആരാധനകൾ നടത്താൻ തയ്യാറാവാത്തവർ ഇസ്‌ലാമിൽ അകത്തോ പുറത്തോ?*

*ഉദാഹരണം: അടുത്ത റമദാൻ 2012 ജൂലായ് 20 ആരംഭിക്കുന്നു. കേരളത്തിൽ 19.7.12 വ്യാഴാഴ്ച സൂര്യാസ്തമയശേഷം 6 മിനുട്ട് കഴിഞ്ഞ് ചന്ദ്രൻ അസ്തമിക്കുന്നു. 19.7.2012 ന് ആഗോള സമയം .4.24 നാണ്. ന്യൂമൂൺ സംഭവിക്കുന്നത്. ന്യൂമൂൺ ദിവസം ചന്ദ്രക്കല കാണുകയില്ലെന്ന് കേരളത്തിലെ മുജാഹിദ് പണ്ഡിതൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും അവരുടെ കലണ്ടറിൽ അടുത്ത ദിവസം റമദാൻ ഒന്നായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നാലിൽ കാണൽ അസാധ്യമായ പ്രസ്തുത ദിവസം ഹിലാൽ*

*കണ്ടു എന്ന് ആരെങ്കിലും കളവു പറഞ്ഞാൽ ഇവർ സ്വീകരിക്കുകയും ചെയ്യും. ഇസ്ലാമിൽ ഒരു ആരാധനക്ക് സാക്ഷ്യം വഴിയാണോ നടത്തേണ്ടത്? ചിന്തിക്കുക കേരള മുസ്ലിംകൾ ഉത്തരം കണ്ടെത്തേണ്ട സുപ്രധാനമായ ചില ചോദ്യങ്ങൾ താഴെ കൊടുക്കുന്നു. അതോടൊപ്പം ലോകത്ത് നടക്കുന്ന ചിലസംഭവവികാസങ്ങൾ ജനങ്ങളറിയേണ്ടതുണ്ട്. ലോകത്തിന് സ്വീകാര്യമായതും.*

*1. നബി(സ)ഒരിക്കലെങ്കിലും 29-ാം തിയ്യതി സൂര്യാസ്തമയശേഷം ചക്രവാളത്തിൽ ചന്ദ്രക്കല നോക്കിയിട്ടുണ്ടോ? ആരെങ്കിലും കണ്ടാൽ തന്നെ അറിയിക്കണമെന്ന് പ്രസ്താവന ചെയ്യാറുണ്ടായിരുന്നുവോ?*

*2. മഴക്കാർ ഉണ്ടെങ്കിൽ 30 ദിവസം പൂർത്തിയാക്കണമെന്ന് ഹദീസിലുണ്ടെങ്കിൽ പ്രമുഖ സഹാബാക്കൾ(അലി(റ), ഇബ്നു ഉമർ(റ), ആയിശ(റ)) അടുത്ത ദിവസം നോമ്പെടുത്തു. ഇവർ നബി(സ)യുടെ കല്പന ധിക്കരിച്ചതാണോ? ഹദീസിൽ മഴക്കാർ മൂടിയാൽ എന്നർത്ഥം വരുന്ന വാചകമേത്? കേരളത്തിൽ കനത്ത മഴയുള്ളപ്പോഴും ഹിലാൽ നോക്കാൻ ആഹ്വാനം ചെയ്യുന്നതിന്റെ ന്യായമെന്താണ്?*

*3. മാസപ്പിറവി നോക്കാൻ പോകുന്നവർക്ക് മഗ്രിബ് നമസ്കാരം (ജമാഅത്ത്) നീട്ടിവെക്കാൻ കല്പനയുണ്ടോ?*

*4. (1)ഹജ്ജത്തുൽ വിദായിൽ മദീനയിൽ നിന്ന് മക്കയിലേക്കുള്ള യാത്രാമധ്യേ ദുൽഹിജ്ജ മാസം പിറന്നു. നബി(സ)മാസപ്പിറവി നോക്കിയോ? നോക്കാൻ കല്പിച്ചുവോ? ഹിലാൽ കണ്ടിട്ടാണോ മാസപ്പിറവി നിശ്ചയിച്ചിരുന്നത്.?*

*(2) ചന്ദ്രനെ ഭൂമിയിൽ നിന്നും കാണാതാവുന്ന 29-ാം തിയതി കല നോക്കാൻ നബി(സ)കല്പിച്ചു എന്നു പറയുന്നത് നബി(സ)യെ അപമാനിക്കലാണെന്ന് സമൂഹം അറിയുന്നില്ല.*

*5. സൂര്യനും ചന്ദ്രനും കിഴക്ക് ഉദിക്കുന്നു. പടിഞ്ഞാറ് അസ്തമിക്കുന്നു. മത്ലഅ് എന്നാൽ ഉദയമേഖല. എങ്കിൽ കിഴക്കിൽ ഉദിച്ച സ്ഥാനത്ത് അന്വേഷിക്കാതെ അസ്തമയ(മഗ്രിബ്) മേഖലയിൽ അന്വേഷിക്കുന്നതിന് എന്താണ് തെളിവ്?*

*6. പടിഞ്ഞാറിൽ കണ്ടതിനെ കിഴക്കോട്ട് ബാധകമാക്കുവാൻ എന്താണ് തെളിവ്? (നാടുകാണിയിൽ കണ്ടാൽ കാളികാവിൽ ബാധകമല്ലെന്നും എന്നു കാപ്പാട്ടു കണ്ടാൽ കാളികാവിന് സ്വീകാര്യവുമാകുന്നതെങ്ങിനെ?)*

*7. ഹിലാൽ കമ്മിറ്റി/ കെ.ജെ.യു വ്യക്തമാക്കിയ അവരുടെ നിലപാടു പ്രകാരം ന്യൂമൂൺ ഉണ്ടായി ഒന്നോ രണ്ടോ ദിവസത്തിന്നു ശേഷം പടിഞ്ഞാറു ചക്രവാളത്തിൽ കാണുന്നതാണ് ഹിലാൽ. 19.07.12 ന് ഇന്ത്യൻ സമയം രാവിലെ 9.45 നാണ് ന്യൂമൂൺ സംഭവിക്കുന്നത്. 8 1/5 മണിക്കൂറിന്നു ശേഷം സൂര്യനസ്തമിച്ച് 6 മിനുട്ട് കഴിഞ്ഞ് ചന്ദ്രൻ അസ്തമിക്കുന്നതായും അതിനാൽ 20.7.12 ന് റമദാൻ ഒന്നായും ഇവരുടെ കലണ്ടറുകളിൽ കാണിച്ചിരിക്കുന്നു.*

*(1) ഇവരുടെ പ്രഖ്യാപിത നിലപാടുകൾ തെറ്റാണെന്ന് ഇവർ തന്നെ സമ്മതിക്കും.*

*(2) കാണാൻ കഴിയാത്ത ഹിലാലിന്റെ സാന്നിധ്യത്തെ മാനദണ്ഡമാക്കി തിയതി കുറിക്കുന്നു.*

*(3) പാതിരാവിൽ സൂര്യനുദിക്കാനുള്ള സാദ്ധ്യതയാണു 6 മിനുട്ടു അസ്തമയവ്യത്യാസത്തിൽ, ഹിലാൽ കാണാനുള്ളത്. പ്രസ്തുത ഹിലാൽ നഗ്ന നേത്രം കൊണ്ട് കണ്ടുഎന്ന പച്ചക്കള്ളം ആരെങ്കിലും ഏറ്റുപറഞ്ഞാൽ അതെങ്ങിനെയാണ് ഹിലാൽ കമ്മിറ്റി/കെ.ജെ.യുവിന് സ്വീകാര്യമാവുന്നത്?*

*8. ന്യൂമൂൺ(അമാവാസി)ദിവസം ചന്ദ്രനെ ഭൂമിയിൽ നിന്നും കാണുക സാധ്യമല്ല. അടുത്ത ദിവസം(ഒന്നാം തിയതി) സൂര്യാസ്തമയശേഷം ചന്ദ്രക്കല കാണുന്നു. ഓരോ ദിവസവും കാണുന്നത് ആ ദിവസത്തേക്കുള്ളതാണെന്ന് ഇബ്നു അബ്ബാസ്(റ)പഠിപ്പിക്കുന്നത് ബുഖാരിയിൽ ഉണ്ട്. ന്യൂമൂൺ ദിവസം ഹിലാൽ കാണുമെന്ന മുജാഹിദ് കലണ്ടറുകളിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനം വ്യക്തമാക്കുക.*

*9. അസ്തമയ സമയത്ത് നാം കാണുന്നത് 12 മണിക്കൂർ മുമ്പ് കിഴക്ക് ഉദിച്ചതാണെന്ന സത്യം മനസ്സിലാക്കുക. അവസാനം കാണുന്നത് ഉർജൂനുൽ ഖദീം എന്ന് ഖുർആൻ വിശേഷിപ്പിച്ച പ്രഭാത സമയത്ത് കിഴക്കിൽ കാണാൻ കഴിയുന്ന കലയുമാണ്. ഇവ രണ്ടിന്നുമിടയിൽ ചന്ദ്രന്റെ സൂര്യനും ഭൂമിക്കുമിടയിൽ കൂടിയുള്ള മറികടക്കൽ(ഖു: 36 :39,40) സംഭവിക്കുന്നു. സൂര്യനും ചന്ദ്രനും ഒരേ രേഖയിൽ വരുന്ന ദിവസം ചന്ദ്രനെ കാണുക സാധ്യമല്ല. 12 degree അകന്നു കഴിഞ്ഞാൽ അടുത്ത ദിവസം ഒന്നാം തിയ്യതി കാണുമാറാകുന്നു. 30 ദിവസങ്ങളുള്ള മാസത്തിൽ 29 കലകളും 29 ദിവസങ്ങളുള്ള മാസത്തിൽ 28 കലകളും കണ്ണുകൊണ്ട് നാം കാണുന്നു. അവസാന ദിവസം ചന്ദ്രൻ മറയ്ക്കപ്പെടുന്നു(ഫഇൻഗുമ്മ) അടുത്ത ദിവസം ഒന്നാം തിയതിയായിരിക്കും. ഈ പ്രസ്താവന നിഷേധിക്കാൻ മുസ്ലിം പണ്ഡിതൻമാർ തയ്യാറുണ്ടോ?*

*10. (1) ചന്ദ്രന്ന് രണ്ട് അവസ്ഥകളുണ്ട്. ആദ്യപാതിയിൽ ചന്ദ്രന്ന് വളരുന്ന അവസ്ഥയും രണ്ടാം പാതിയിൽ ക്ഷയിക്കുന്ന അവസ്ഥയുമാണ്. മാസത്തിൽ രണ്ട് ഘട്ടത്തിൽ ഈ മാറ്റം സംഭവിക്കുന്നു. സൂറ ശംസിൽ ഇതാതലാഹാ എന്നു പറഞ്ഞതിനെ തഫ്സീർ ഇബ്നു കസീറിൽ ഇബ്നു അബ്ദുൽ അസീസിനെ ഉദ്ധരിച്ചു കൊണ്ട് മേൽ കാര്യം വിശദീകരിച്ചിരിക്കുന്നു. മുസ്ലിം പണ്ഡിതൻമാർ ഈ വസ്തുത*

*നിഷേധിക്കുമോ?*

*(2) ഒന്നാം പാതിയിൽ ചന്ദ്രക്കലയുടെ രണ്ടറ്റങ്ങൾ കിഴക്കോട്ടു ലക്ഷ്യം വെക്കുന്നു. രണ്ടാംപാതിയിൽ ഇവ പടിഞ്ഞാറോട്ടു ലക്ഷ്യം വെക്കുന്നു. അവസാനം കാണുന്ന ഉർജൂനുൽ ഖദീം എന്ന കലയുടെ രണ്ടറ്റങ്ങൾ പടിഞ്ഞാറിലേക്കാണെങ്കിൽ ഒന്നാം തിയ്യതി സന്ധ്യക്ക് കാണുന്ന കലയുടെ രണ്ടറ്റം കിഴക്കോട്ടു ലക്ഷ്യം വെയ്ക്കുന്നു. ചന്ദ്രക്കലയ്ക്കുണ്ടാകുന്ന ഈ മാറ്റം മാസമാറ്റത്തോടുകൂടി സംഭവിക്കുന്നു. ഇക്കാര്യം നിഷേധിക്കാമോ? ഇത് മാസമാറ്റത്തിന്റെ അടയാളമായി ഖുർആൻ 36:40, വചനങ്ങൾ വ്യക്തമാക്കിത്തരുന്നു.*

*(3) ഒരു ചന്ദ്രമാസത്തിന്റെ അവസാന ദിവസം അല്ലാഹുവിന്റെ നിശ്ചയ പ്രകാരം ഭൂമിയിൽ നിന്നും ചന്ദ്രനെ കാണുകയില്ല. ഇക്കാര്യം നബി(സ)വ്യക്തമാക്കിയിട്ടുണ്ട്. ഫഇൻഗുമ്മ(ചന്ദ്രൻ) നിങ്ങൾക്ക് മറയ്ക്കപ്പെട്ടാൽ മാസം ആ ദിവസം പൂർത്തിയായതായി കണക്കാക്കാനാണ് പഠിപ്പിച്ചിട്ടുള്ളത്.*

*മഴക്കാർ മൂടിയാൽ 30 പൂർത്തിയാക്കാൻ കല്പനയുണ്ടെന്ന് വാദിക്കുന്നവർ വ്യക്തമാക്കേണ്ടത് ലോകത്ത് ആരെങ്കിലും മഴക്കാർ മൂടിയതുകൊണ്ട് 30 ദിവസം പൂർത്തിയാക്കിയിട്ടുണ്ടോ എന്നാണ്. അങ്ങിനെ ആരും തന്നെ ചെയ്യുന്നില്ല.*

*(4) രണ്ടാം പാതിയിൽ ആദ്യം ചന്ദ്രൻ ഉദിക്കുന്നു. ശേഷം സൂര്യനും 28, 29 ദിവസങ്ങളിൽ ഇത് നിരീക്ഷിക്കാം. അവസാനദിവസം ചന്ദ്രനെ രാവിലെയും വൈകുന്നേരവും കാണുന്നില്ല. അടുത്ത ദിവസം ആദ്യം സൂര്യൻ ഉദിക്കുന്നു. ശേഷം ചന്ദ്രനും അന്നു സന്ധ്യക്ക് ആദ്യം സൂര്യൻ അസ്തമിക്കുന്നു. ശേഷം ചന്ദ്രനും ഇത് ഒന്നാം തിയ്യതിയാണ്. 36:40 ൽ പറഞ്ഞ ചന്ദ്രന്റെ മറികടക്കലും, സൂറശ്ശംസിൽ പറഞ്ഞ ഇതാത്വലാഹാ എന്ന പാഠവും വ്യക്തമാക്കുന്നത് ഈ തത്വമാണ്. ആധുനിക ശാസ്ത്രം ഇത് ശരിവെയ്ക്കുന്നു. ഇതിന്ന് സാക്ഷികളാകുന്ന സത്യവിശ്വാസികൾ അല്ലാഹുവിന് മുമ്പിൽ സുജൂദ് ചെയ്തുകൊണ്ട് പറയുന്നു: മാ ഹാദാ ഖലക്ത ബാത്വിലൻ(3:191)*

*11. ഖുർആനും ശാസ്ത്രവും നബി ചര്യയും പഠിപ്പിക്കുന്ന തത്വങ്ങളും പാഠങ്ങളും എല്ലാം അവഗണിച്ച് ഇസ്‌ലാമിന്റെ കലണ്ടറിനെ അലങ്കോലമാക്കുന്ന മുസ്‌ലിം ഐക്യത്തെ ഇല്ലായ്മ ചെയ്യുന്ന ഇബാദത്തുകളുടെ സത്ത നഷ്ടപ്പെടുന്ന നോമ്പെടുക്കേണ്ട ദിവസത്തിൽ ഭക്ഷണം കഴിപ്പിക്കുകയും ഭക്ഷണം കഴിച്ച് ആഘോഷിക്കേണ്ട ദിവസം ഹറാമായ നോമ്പ് എടുപ്പിക്കുകയും ചെയ്യുന്ന ഇന്ന് നിലവിലുള്ള പൗരോഹിത്യ സമ്പ്രദായങ്ങൾ വലിച്ചെറിഞ്ഞ് ശരിയായ സുന്നത്ത് പിന്തുടരാൻ മുസ്‌ലിം സമൂഹത്തെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.*

*12. സൂര്യനും ചന്ദ്രനും കണക്കനുസരിച്ചാണെന്നും(55:05) ചന്ദ്രന്ന് മൻസിലുകൾ നൽകിയത് കാലം കണക്കുകൂട്ടാനാണെന്നും(10:5) വി.ഖുർആൻ കല്പിച്ചിട്ടുണ്ട്. കലകൾ ഹജ്ജിനുള്ള തിയ്യതികൾ കണിക്കുന്നതായി 2:189 ലും വ്യക്തമാണ്. കാണാൻ കഴിയുന്ന കലകളെ നോക്കാതെ, കാണാൻ കഴിയാത്ത അമാവാസിയിലെ കല തിരയുന്ന മുസ്‌ലിം സമൂഹം ഇരുട്ടിൽ കരിമ്പൂച്ചയെ തിരയുകയാണ്. ഇത് ഇസ്‌ലാം വിരുദ്ധവും അപ്രായോഗികവുമാണ്. അതിന്നാൽ അനിസ്‌ലാമിക നടപടിക്രമമാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു.*

*1433 ലെ റമദാൻ 20.07.12 വെള്ളിയാഴ്ച ആരംഭിക്കുന്നു. 29 നോമ്പ് കഴിഞ്ഞ് 18.8.12 ന് ഈദുൽ ഫിത്വർ ആയിരിക്കുന്നതാണ്.*

*ഹിജ്‌രി കമ്മിറ്റി ഓഫ് ഇന്ത്യ*
*കോഴിക്കോട് -1*
04 may 2012